ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ

54 [5198] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ 2001-2002, 2002-2003 സാമ്പത്തിക വർഷത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്ര കേസുകൾ ചാർജ് ചെയ്യപ്പെട്ടിട്ടുണ്ട് എന്നും എത്ര കേസുകൾ റഫർ ചെയ്തിട്ടുണ്ട് എന്നും വെളിപ്പെടുത്താമോ;

(സി) ഈ കേസുകളിൽ രാഷ്ട്രീയ സംഘട്ടന കേസുകൾ എത്രയുണ്ടെന്നും ഏതൊക്കെ രാഷ്ട്രീയ കക്ഷി പ്രവർത്തകരാണ് പ്രതികൾ എന്നും വെളിപ്പെടുത്തുമോ;

(ഡി) രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര കേസുകൾ കളവുകേസുകൾ ആണെന്നും ഇതിൽ എത്ര കേസുകളിലെ പ്രതികളെ പിടിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-2002-ൽ 475-ഉം, 2002-2003-ൽ 524-ഉം കേസുകൾ.

(ബി)

	2001-2002	2002-2003
ചാർജ് ചെയ്തത്	319	295
റഫർ ചെയ്തത്	139	99

(സി) 6 എണ്ണം. 3 കേസുകളിൽ എൻ.ഡി.എഫ്.കാരും ഓരോ കേസുകളിൽ വീതം സി.പി.എം., യു.ഡി.എഫ്., ബി.ജെ.പി.-കാരും.

(ഡി)

	2001-2002	2002-2003
കളവ് കേസുകൾ	16	28
പ്രതികളെ പിടിച്ചവ	6	6

കാസർഗോഡ് ജില്ലയിലെ മോഷണങ്ങളിലെ പ്രതികൾ

55 [5199] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ കടകളിലും വീടുകളിലുമായി എവിടെയൊക്കെയാണ് മോഷണങ്ങൾ നടന്നിരുന്നതെന്നും അതുമായി ബന്ധപ്പെട്ട കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ബി) ഈ കേസുകളിലെ പ്രതികളെ പിടികിട്ടാൻ ബാക്കിയുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര കേസുകളിലായി എത്ര പ്രതികളെയാണ് പിടികിട്ടാത്തത് എന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly